**കാലിക്കറ്റ് സർവ്വകലാശാല**
**ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ**

**<u>പത്രക്കുറിപ്പ്</u>**

2020-2021 അദ്ധ്യയന വർഷത്തെ പി.ജി. ഏകജാലക പ്രവേശനത്തോടനുബന്ധിച്ചുള്ള രണ്ടാം അലോട്ട്മെന്റ് www.cuonline.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

പുതുതായി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ മാൻഡേറ്ററി ഫീസ് അടക്കേണ്ടതും, അലോട്ട്മെന്റ് ലഭിച്ച കോളേജിൽ 09.11.2020 മുതൽ 16.11.2020 ന് വൈകീട്ട് 3 മണിക്കുള്ളിൽ റിപ്പോർട്ട് ചെയ്ത് സ്ഥിരം (പെർമെനന്റ്) അഡ്മിഷൻ എടുക്കേണ്ടതുമാണ്. മാൻഡേറ്ററി ഫീസ് അടക്കാനുള്ള സൗകര്യം 09.11.2020 മുതൽ 16.11.2020 ന് വൈകീട്ട് 5 മണിവരെ സ്റ്റുഡന്റ് ലോഗിനിൽ ഉണ്ടായിരിക്കുന്നതാണ്. മുൻപ് അലോട്ട്മെന്റ് ലഭിച്ച സമയത്ത് മാൻഡേറ്ററി ഫീസ് അടച്ചവർ വീണ്ടും മാൻഡേറ്ററി ഫീസ് അടക്കേണ്ടതില്ല.

പ്രവേശനത്തിന് ഹാജരാകുന്നതിന് മുൻപ് അഡ്മിറ്റ് കാർഡിൽ ലഭ്യമായ ഫോൺ നമ്പറിൽ കോളേജുമായി ബന്ധപ്പെടേണ്ടതും, പ്രവേശനത്തിനായി അവർ നിർദ്ദേശിക്കുന്ന സമയക്രമം പാലിക്കേണ്ടതുമാണ്. കോളേജ് കണ്ടൈൻറ്മെൻറ് പരിധിയിൽ ആണെങ്കിലോ , വിദ്യാർഥികൾ ക്വാറന്റൈനിൽ ആണെങ്കിലോ കോളേജിൽ പ്രവേശനത്തിന് ഹാജരാവാൻ സാധിക്കാതെ വരുന്ന പക്ഷം വിദ്യാർത്ഥികൾക്ക് ഓൺലൈൻ പ്രവേശന സൗകര്യം കോളേജിൽ നിന്നും ലഭ്യമാക്കുന്നതാണ്.

ഹയർ ഓപ്ഷൻ നിലനിർത്തിക്കൊണ്ട് വിദ്യാർത്ഥികൾക്ക് സ്ഥിരം അഡ്മിഷൻ എടുക്കാൻ അവസരം ലഭിക്കുന്നതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം ടി ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുകയും ഹയർ ഓപ്ഷൻ ലഭിച്ചാൽ മുൻപ് ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടുകയും ചെയ്യുന്നതാണ്.

ഡയറക്ടർ

C.U. Campus
06.11.2020